"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പോലീസ് വകുപ്പ് - പാലക്കാട് ജില്ലയിലെ വടക്കന്തറ പോലീസ് ക്വാർട്ടേഴ്സ് കോമ്പൗണ്ടിനകത്തെ പഴയ ക്വാർട്ടേഴ്സുകൾ പൊളിച്ചു മാറ്റുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1236/2025/HOME തീയതി,തിരുവനന്തപുരം, 09-04-2025

---

പരാമർശം:- സംസ്ഥാന പോലീസ് മേധാവിയുടെ 12.03.2025 തീയതിയിലെ എച്ച്13-48686/2025/പി.എച്ച്.ക്യൂ നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ വടക്കന്തറ പോലീസ് ക്വാർട്ടേഴ്സ് കോമ്പൗണ്ടിനകത്തെ 65 മുതൽ 80 വരെയും, 97 മുതൽ 112 വരെയുമുള്ള ക്വാർട്ടേഴ്സുകൾ വാസയോഗ്യമല്ലാത്തതും, കാലപ്പഴക്കത്താൽ ചോർന്നൊലിക്കുന്ന അവസ്ഥയിലാണെന്നും പാലക്കാട് പൊതുമരാമത്ത് കെട്ടിട വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ 11,64,153/- രൂപയുടെ സർവ്വേ റിപ്പോർട്ട് പരിഗണിച്ച് ആയത് പൊതുലേലം നടത്തി പൊളിച്ചു മാറ്റുന്നതിനുള്ള ഭരണാനുമതി നൽകണമെന്നും സംസ്ഥാന പോലീസ് മേധാവി പരാമർശിത കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് പൊതുമരാമത്ത് കെട്ടിട വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ സർവ്വേ റിപ്പോർട്ട് പ്രകാരമുള്ള 11,64,153/- രൂപ (പതിനൊന്ന് ലക്ഷത്തി അറുപത്തിനാലായിരത്തി ഒരുന്നൂറ്റിയമ്പത്തി മൂന്ന് രൂപ മാത്രം) യിൽ കുറയാത്ത വിലയ്ക്ക് പാലക്കാട് ജില്ലയിലെ വടക്കന്തറ പോലീസ് ക്വാർട്ടേഴ്സ് കോമ്പൗണ്ടിനകത്തെ 65 മുതൽ 80 വരെയും, 97 മുതൽ 112 വരെയുമുള്ള പഴയ ക്വാർട്ടേഴ്സുകൾ ടെൻഡർ / ലേലം ചെയ്തു പൊളിച്ചു മാറ്റുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജികുമാർ ജി
അണ്ടർ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ,ഐ & പി.ആർ.ഡി. (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Jalaja Kumari M S
Date: 10-04-2025 08:20:58
സെക്ഷൻ ഓഫീസർ